**<u>15 -ാം കേരള നിയമസഭ</u>**

**<u>2 -ാം സമ്മേളനം</u>**

**<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 307</u>** **<u>05-08-2021 - ൽ മറുപടിയ്ക്ക്</u>**

**<u>കരുവന്നൂർ സഹകരണ ബാങ്ക് തട്ടിപ്പ്</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | **Shri. V. N. Vasavan**<br>**(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിൽ മുന്നൂറ്റി അൻപത് കോടി രൂപയുടെ ക്രമക്കേട് നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിൽ വായ്പ പലിശ ഉൾപ്പെടെ 1,02,55,49,364/- (102.55 കോടി) രൂപയുടെയും വ്യാപാര സ്റ്റോക്കിലെ കുറവ് ഇനത്തിൽ 1,69,34,445.63/- (1.69 കോടി) രൂപയുടെയും കൂടി ആകെ 1,04,24,83,809.63/- (104.24 കോടി) രൂപയുടെ ക്രമക്കേട് നടന്നതായി ബാങ്കിൽ നടത്തിയ സഹകരണ നിയമം 65 അന്വേഷണ റിപ്പോർട്ട് പ്രകാരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇതുസംബന്ധിച്ച് അന്വേഷണം നടത്തുന്നതിന് തീരുമാനിക്കുകയുണ്ടായോ; വിശദാംശങ്ങൾ നൽകാമോ; | (ബി) | സഹകരണ നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണം പൂർത്തീകരിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. സർചാർജ് നടപടികളുടെ ഭാഗമായി സഹകരണ നിയമം വകുപ്പ് 68 പ്രകാരമുള്ള അന്വേഷണം ആരംഭിച്ചിട്ടുണ്ട്. രണ്ട് മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കുന്ന തിനാണ് നിർദ്ദേശിച്ചിട്ടുള്ളത്. കൂടാതെ സർക്കാരിന്റെ 24.07.2021 ലെ സ.ഉ.(സാധാ)451/21/സഹ നമ്പർ ഉത്തരവിൻ പ്രകാരം ടി ബാങ്കിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് സൂക്ഷ്മപരിശോധന നടത്തുന്ന തിനും കൃത്യസമയത്ത് ക്രമക്കേട് കണ്ടെത്തുന്നതിൽ വകുപ്പിന്റെ ഭാഗത്തെ വീഴ്ചകൾ ഉൾപ്പെടെ അന്വേഷിക്കുന്നതിനും 9 അംഗങ്ങളടങ്ങുന്ന ഒരു ഉന്നതതല കമ്മിറ്റി രൂപീകരിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ഉത്തരവാ യിട്ടുണ്ട്. ക്രമക്കേട് സംബന്ധിച്ച് സംസ്ഥാന ക്രൈം ബ്രാഞ്ച് അന്വേഷണവും ഇതിനകം ആരംഭിച്ചിട്ടുണ്ട്. |
| (സി) | വളരെ മുമ്പ് നടന്ന പ്രസ്തുത സംഭവം ഭരണസമിതി അറിയാതിരുന്നതും 2019-ൽ തട്ടിപ്പ് കണ്ടെത്തിയിട്ടും ഭരണസമിതി നടപടികൾ സ്വീകരിക്കാതിരുന്നതും കൂടുതൽ തട്ടിപ്പ് നടക്കുന്നതിന് കാരണമായെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ | (സി) | 2019 ൽ ക്രമക്കേട് ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് സഹകരണ നിയമം വകുപ്പ് 65 അന്വേഷണത്തിന് ഉത്തരവിട്ടത്. റിപ്പോർട്ട് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുന്ന തിന്റെ ഭാഗമായി ഭരണസമിതി പിരിച്ചുവിട്ടിട്ടുണ്ട്. ഭരണസമിതിയും ബന്ധ പ്പെട്ട |

| | | | |
|---|---|---|---|
| | അടിസ്ഥാനത്തിൽ ബാങ്ക് ഭരണസമിതി പിരിച്ചുവിടുന്നതിന് നടപടി സ്വീകരിക്കുകയുണ്ടായോ; വ്യക്തമാക്കാമോ? | | ഉദ്യോഗസ്ഥരും സമയബന്ധിത മായി പ്രവർത്തിച്ചോ എന്ന വിഷയം ഗവൺമെന്റ് രൂപീകരിച്ച ഉന്നതതല സമിതി പരിശോധിക്കുന്നതാണ്. ടി സമിതിയുടെ അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ മേൽനടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ